# കേരള ഹൈക്കോടതി

എച്ച് 3-101954/2015

കൊച്ചി: 682 031
തീയതി : 16/08/2016

## ലേലപ്പരസ്യം

രണ്ടായിരത്തി പതിനാറ് സെപ്റ്റംബർ മാസം 6-ാം തീയതി (06.09.2016) രാവിലെ 11.30 ന് ഹൈക്കോടതി പരിസരത്ത് വെച്ച് താഴെപ്പറയുന്ന 2008 മോഡലിലുള്ള പതിനൊന്ന് മിസ്റ്റുബിഷി സീഡിയ കാറുകൾ പരസ്യ ലേലം ചെയ്യുന്നതാണ്. ലേലം നിശ്ചയിച്ച തീയതി ഒരു അവധി ദിവസമാകുന്ന പക്ഷം, ടി ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചയിച്ച അതേ സ്ഥലത്തും സമയത്തും വച്ചു നടത്തുന്നതായിരിക്കും.

വാഹനങ്ങളുടെ വിശദാംശങ്ങൾ താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്.

| നമ്പർ | വാഹന നമ്പർ |
|---|---|
| നറുക്ക് 1 | കെ എൽ 07 ബി എച്ച് 8084 |
| നറുക്ക് 2 | കെ എൽ 07 ബി എച്ച് 8099 |
| നറുക്ക് 3 | കെ എൽ 07 ബി എച്ച് 8116 |
| നറുക്ക് 4 | കെ എൽ 07 ബി എച്ച് 8119 |
| നറുക്ക് 5 | കെ എൽ 07 ബി എച്ച് 8121 |
| നറുക്ക് 6 | കെ എൽ 07 ബി എച്ച് 8122 |
| നറുക്ക് 7 | കെ എൽ 07 ബി എച്ച് 8131 |
| നറുക്ക് 8 | കെ എൽ 07 ബി എച്ച് 8136 |
| നറുക്ക് 9 | കെ എൽ 07 ബി എച്ച് 8140 |
| നറുക്ക് 10 | കെ എൽ 07 ബി എച്ച് 8148 |
| നറുക്ക് 11 | കെ എൽ 07 ബി എച്ച് 8151 |

ഓരോ വാഹനവും ഒറ്റ നറുക്കായി പരിഗണിക്കേണ്ടതാകുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓരോ നറുക്കിനും നിരതദ്രവ്യമായി 2,500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) ഹൈക്കോടതി അക്കൗണ്ട് സെക്ഷനിൽ (ജി-1 സെക്ഷൻ) ലേല ദിവസം രാവിലെ 11 മണിക്ക് മുൻപായി ഒടുക്കേണ്ടതും ആയതിന്റെ രശീതി ലേല സമയത്ത് ഹാജരാക്കേണ്ടതുമാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ വെയ്ക്കുന്ന വാഹനങ്ങളുടെ അവസ്ഥയെപ്പറ്റി, മുൻകൂർ അനുവാദം വാങ്ങി സ്വയം സംതൃപ്തനാകേണ്ടതും ലേലത്തിന് ശേഷം യാതൊരു വിധ പരാതികളും സ്വീകരിക്കുന്നതല്ലാത്തതുമാകുന്നു.

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മുദ്രവെച്ച കവറിൽ ലേലത്തുക ഉദ്ധരിക്കുവാനും ആയത് ലേലം ചെയ്യുന്ന ആഫീസർക്ക് ലേലം ആരംഭിക്കുന്നതിന് മുമ്പ് കൈമാറുവാനും ഉള്ള അവസരം ഉണ്ടായിരിക്കുന്നതുമാണ്. ഉദ്ധരിച്ച തുകകൾ ഉൾക്കൊള്ളുന്ന മുദ്രവെച്ച കവറുകൾ ലേലം ഉറപ്പിക്കുന്നതിന് മുമ്പായി തുറക്കുന്നതായിരിക്കും.

ഓരോ നറുക്കിലും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആളിന്റെ പേരിലോ അല്ലെങ്കിൽ മുദ്രവെച്ച കവറിൽ ഉദ്ധരിച്ച തുകയ്ക്കോ - ഏതാണോ ഉയർന്ന തുക ആയതിന്മേൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും, ലേലം കൊണ്ട ആൾ നിരതദ്രവ്യത്തുക കഴിച്ചുള്ള ലേലത്തുകയും നിയമാനുസൃത നികുതിയും ഉൾപ്പെടെയുള്ള സംഖ്യ ഉടനടി രൊക്കമായി നിക്ഷേപിക്കേണ്ടതുമാണ്.

ലേലം ചെയ്തുറപ്പിച്ച ആളുടേതൊഴിച്ച് മറ്റെല്ലാ ലേലപ്പങ്കാളികളുടേയും നിരതദ്രവ്യത്തുക ലേലശേഷം ഉടൻ മടക്കി നൽകുന്നതാണ്.

ലേലം കൊണ്ട ആൾ ലേലം ഉറപ്പിച്ച തുക നിർദ്ദിഷ്ട സമയത്തിനകം കെട്ടിവെയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ടിയാന്റെ നിരതനിക്ഷേപം കണ്ട് കെട്ടുന്നതും, ഒരു പുനർലേലം നടത്തുമ്പോൾ ഹൈക്കോടതിയ്ക്കുണ്ടാകുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയാകുന്നതുമാകുന്നു.

ലേലത്തിൽ പിടിച്ച വാഹനങ്ങൾ യാതൊരു കാരണവശാലും ദീർഘമായി ഹൈക്കോടതിയിൽ സൂക്ഷിക്കുന്നതല്ല. പ്രസ്തുത വാഹനങ്ങൾ ലേല ദിവസം മുതൽ 28 ദിവസങ്ങൾക്കുള്ളിൽ എടുത്തുകൊണ്ടുപോകാത്തപക്ഷം, ഈ വാഹനങ്ങൾ പുനർലേലം നടത്തുകയോ അല്ലെങ്കിൽ ഡെമറേജ് ഫീസ് ഈടാക്കി ലേലം കൊണ്ട യഥാർത്ഥ ആളിന് തന്നെ വിട്ടു നൽകുകയോ ചെയ്യുന്നതായിരിക്കും. പുനർലേലം ചെയ്യുന്ന പക്ഷം, മുൻ ലേലത്തിൽ ലേലം കൊണ്ടയാൾ അടച്ച തുക കണ്ട് കെട്ടുന്നതായിരിക്കും.

ലേലം ചെയ്യുന്ന ആഫീസർക്ക് യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം റദ്ദാക്കുവാനോ, അസാധുവാക്കുവാനോ, ലേലം മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരം ഉണ്ടായിരിക്കും.

ലേലം ചെയ്യുന്ന ആഫീസർക്ക് ലേല സംബന്ധമായ എല്ലാ തരത്തിലുമുള്ള തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അത്തരത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

കെ.ആർ.ജയപ്രകാശ് നാരായണൻ
രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)

കോപ്പി :

1. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
2. പബ്ലിക് റിലേഷൻസ് ഓഫീസർ, ഹൈക്കോടതി.
3. ജില്ലാ കലക്ടർ, എറണാകുളം.
4. തഹസിൽദാർ, കണയന്നൂർ താലൂക്ക് ഓഫീസ്, എറണാകുളം.
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം.
6. സൂപ്രണ്ട് ഓഫ് വെഹിക്കിൾ, ഹൈക്കോടതി.
7. ഫിനാൻസ് ഓഫീസർ, ഹൈക്കോടതി.
8. ചീഫ് അക്കൗണ്ടന്റ്, ഹൈക്കോടതി.
9. സെക്യൂരിറ്റി ഓഫീസർ, ഹൈക്കോടതി.
10. സിവിൽ സർജന്റ്, ഹൈക്കോടതി.
11. ഫയൽ.